# <u>പ്രാദേശിക ചരിത്രവും മോർ അഹത്തുള്ളാ ബാവായും</u>

ഫാ. ഗ്രിഗർ ആർ. കൊള്ളന്നൂർ,
പാലക്കൽ, എറണാകുളം.

ചരിത്ര പഠനങ്ങളിൽ പാശ്ചാത്യ രീതികളാണ് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദം വരെ ലോകത്തിൽ പ്രചരിച്ചിരുന്നത്. പാശ്ചാത്യ സങ്കേതങ്ങളുടെ ചുവട് പിടിച്ചുകൊണ്ട് കേരളത്തിലും ആ രീതി തന്നെ അനുവർത്തിക്കപ്പെട്ടു പോന്നു. ലിഖിത രൂപത്തിൽ ഒരിക്കലായി എഴുതപ്പെട്ട സംഭവങ്ങൾക്ക് മാത്രം സാധുത കൽപ്പിച്ചുകൊണ്ട്, അവയെ മാത്രം സത്യമായി പരിഗണിച്ചു കൊണ്ടാണ് ചരിത്ര പഠനങ്ങൾ മുന്നോട്ട് പോയത്.[1] ചരിത്രം രേഖപ്പെടുത്തുന്ന രീതി പുരാതന കാലം മുതൽക്കെ ചുരുക്കമായിരുന്ന കേരളം പോലെയുള്ള പ്രദേശങ്ങളിലും ഈ രീതി പ്രായോഗികമാക്കപ്പെട്ടു. അമിതമായ പാശ്ചാത്യവൽക്കരണം ഈ മേഖലയിലും തുടർന്ന് പോന്നിരുന്നു. എന്നാൽ ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ആദ്യം മുതൽ ചരിത്രവും (History) ചരിത്രലേഖന ശാസ്ത്രവും (Historiography) പുതിയ ചില പരീക്ഷണങ്ങൾക്ക് വേദിയാക്കപ്പെട്ടു.

ചരിത്രം ഉടയവന്റെയും, ഉള്ളവന്റെയും മാത്രമാണെന്ന നിലയിൽ നിന്നും അത് ഓരോ വ്യക്തിയുടെയുമാണെന്ന് വ്യാഖ്യാനിക്കപ്പെട്ടു.[2] അടിച്ചമർത്തപ്പെട്ടവനും, ദരിദ്രനും, പീഢിതനും, പാർശ്വവൽക്കരിക്കപ്പെട്ടവനും ചരിത്രമുണ്ടെന്നും (Subaltern History), അവ നിലവിലുള്ള ചരിത്രത്തെക്കാൾ അധികവും ജീവനത്തോട് ചേർന്നു നിൽക്കുന്നതുമാണെന്ന സത്യം പരക്കെ അംഗീകരിക്കപ്പെട്ടു. പാർശ്വവൽക്കരിക്കപ്പെട്ടവന്റെ ചരിത്രങ്ങളും, പ്രാദേശിക ചരിത്രങ്ങളും (Little/Local History) കൂടുതൽ വിശ്വസനീയവും, യഥാർത്ഥ്യത്തോടു ബന്ധപ്പെട്ട് നിൽക്കുന്നതുമാണെന്ന് കാലം തെളിയിച്ചു.[3] ഈ പുനർ വായന ഏറ്റവും കരുത്തേകിയത് പള്ളി ചരിത്രങ്ങൾക്കാണെന്ന് (Church History) പ്രത്യേകം രേഖപ്പെടുത്തേണ്ടതില്ലല്ലോ!

അഭ്യസ്തവിദ്യരും, അധികാരം കയ്യാളുന്നവരും, ധനാഢ്യരുമായ പാശ്ചാത്യർ അതുവരെ ചമച്ച ചരിത്രങ്ങൾക്കപ്പുറം അടിച്ചമർത്തപ്പെട്ട ഒരു ജനതതിയുടെ ചരിത്രം ഇന്ന് കേരള ചരിത്രത്തോടും മലങ്കര സഭാ ചരിത്രത്തോടും ചേർത്ത് വായിക്കപ്പെടുന്നുണ്ട്. എഴുതപ്പെട്ട പല ചരിത്രങ്ങളും വസ്തുതകൾക്ക് നിരക്കാത്തതും, സത്യത്തെ മൂടിവയ്ക്കുന്നതും, മുൻ വിധികളോടെ സമാഹരിക്കപ്പെട്ടതും, ചില പ്രത്യേക ആശയങ്ങൾക്ക് ചിരപ്രതിഷ്ഠ നൽകുവാനായി തയ്യാറാക്കപ്പെട്ടതുമാണെന്ന് ആധുനിക മനുഷ്യനെ ബോധ്യപ്പെടുത്തിയത് ഈ ശ്രമങ്ങളായിരുന്നു.[4] എന്നാൽ ഇന്നും പല ചരിത്രകാരന്മാരും ഈ സമീപനങ്ങളോട് പിൻ തിരിഞ്ഞു നിൽക്കുന്നു. ഒരു പക്ഷെ ഈ നവീന ചിന്താധാരയിലൂടെ വിരചിതമാകുന്ന ചരിത്രം യഥാർത്ഥ്യത്തിലുള്ളതും, നിലവിലുള്ള ഭാവനകളെ തച്ചുടയ്ക്കുന്നതുമാണ് എന്ന ബോധ്യമാകാം ഇത്തരം സമീപനങ്ങൾക്കാധാരം. ഇവിടെ അത്തരം ഒരു പ്രാദേശിക ചരിത്രം വിശകലനം ചെയ്യപ്പെടുകയാണ്.

## <u>പ്രാദേശിക ചരിത്രം</u>

കിഴക്കിന്റെ വെന്നീസ് എന്നറിയപ്പെടുന്ന ആലപ്പുഴയിലെ ചെറു ഗ്രാമമായ 'അർത്തുങ്കലിൽ' 1653 ജനുവരിയിൽ ഒരു സംഭവം ഉണ്ടായി. മൽസ്യ ബന്ധനത്തിനു പോയ മുക്കുവർക്ക് കടലിൽ നിന്ന് ഒരു മൃതശരീരം ലഭിച്ചു. വയോവൃദ്ധനായ ഒരു ആചാര്യ ശ്രേഷ്ഠന്റെ ശരീരമാണെന്ന് മനസ്സിലാക്കിയ അവർ ആ ദേഹം കരയിൽ കൊണ്ടുവരുകയും, പരിശോധനയിൽ അതൊരു ക്രൈസ്തവ ആചാര്യന്റേതാണെന്ന് തിരിച്ചറിയുകയും ചെയ്തു. ദിവ്യനെന്ന് തോന്നിക്കുന്ന ആ പിതാവിന്റെ മൃതദേഹം പള്ളിക്കകത്ത് സംസ്കരിക്കുവാൻ തക്കവണ്ണം ക്രമീകരണം ചെയ്യുകയും, മൃതദേഹം കടൽ തീരത്ത് നിന്ന് പള്ളിയിലേക്ക് സംവഹിക്കുകയും ചെയ്തു. പൂജ്യ ദേഹം കൊണ്ടു പോയ വഴിയിലെ രോഗികളെല്ലാം തൽക്ഷണം സൗഖ്യമാക്കപ്പെട്ടു. ഇതിൽ അൽഭുതപരതന്ത്രരായ അവർ ആ പിതാവിന്റെ നിറത്തിന് അനുരൂപമായി 'വെള്ളുത്തച്ചൻ' എന്ന് അദ്ദേഹത്തെ വിളിച്ചു. ജനുവരിയിൽ ആ പിതാവിന്റെ മൃതദേഹം സംസ്കരിച്ച

---

[1] ഇ. ശ്രീധരൻ, *ചരിത്ര ഗവേഷണ രീതി ശാസ്ത്രം* (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010), 81.
[2] ഇ. ശ്രീധരൻ, *ചരിത്ര ഗവേഷണ രീതി ശാസ്ത്രം*..., 24.
[3] ഈ. എച്ച്. കാർ, എന്താണ് ചരിത്രം (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റുയൂട്ട്, 2008), 112.
[4] ഈ. എച്ച്. കാർ, *എന്താണ് ചരിത്രം?*..., 260.

ദിവസം 'വെള്ളുത്തച്ചൻെറ ഓർമ്മ' ദിവസമായി കൊണ്ടാടുവാനും തുടങ്ങി. ഈ പെരുനാൾ ഇന്നും നിലനിൽക്കുന്നു.[5]

പ്രാദേശിക സംഭവം[6]

മലങ്കര സഭയുടെ ചരിത്രത്തിൽ വലിയ കോളിളക്കങ്ങൾ ഉണ്ടാക്കിയ സംഭവമായിരുന്നു കൂനൻ കുരിശ് സത്യം. എ.ഡി. 1653ൽ ശീമയിൽ നിന്നും വന്ന സഭാ പിതാവായ മോർ അഹത്തള്ള ബാവായെ പറങ്കികൾ (Portuguese) പിടികൂടുകയും മൈലാപൂരിൽ തടവിൽ ആക്കുകയും ചെയ്തു. മോർ തോമ്മ ക്രിസ്ത്യാനികളെ പീഡിപ്പിച്ചും, പ്രലോഭിപ്പിച്ചും റോമൻ സഭയോട് ചേർക്കുക എന്ന അജണ്ടക്ക് ബാവായുടെ വരവ് തടസ്സമാകുമെന്ന് മനസ്സിലാക്കിയാണ് അവർ ഇപ്രകാരം പ്രവർത്തിച്ചത്. എന്നാൽ ബാവായുടെ വരവിനെക്കുറിച്ച് മനസ്സിലാക്കിയ സുറിയാനി ക്രിസ്ത്യാനികൾ തങ്ങളുടെ പിതാവിനെ മോചിപ്പിക്കാൻ ശ്രമങ്ങൾ ആരംഭിച്ചു. രാജപിൻബലം പറങ്കികൾക്കാണെന്ന് മനസ്സിലാക്കിയ സുറിയാനിക്കാർ തങ്ങളുടേതായ രീതിയിൽ നടപടികൾ സ്വീകരിച്ചു. മോർ അഹത്തള്ള ബാവയെ ഗോവയിൽ കൊണ്ടുപോയി ഇൻക്വസിഷൻ നടപടികൾക്ക് വിധേയനാക്കി കൊലപ്പെടുത്താനാണ് ശ്രമമെന്ന് തിരിച്ചറിഞ്ഞ വിശ്വാസികൾ ബാവായെ വഹിച്ച കപ്പൽ കൊച്ചിയിൽ അടുത്തപ്പോൾ അതിനെ വളഞ്ഞു.

തങ്ങളുടെ ചെറുത്തു നിൽപ്പ് വിഫലമാകുന്നത് കണ്ടപ്പോൾ പറങ്കികൾ ബാവായെ കൊന്ന് കളയുവാൻ നിശ്ചയിച്ചു. സുറിയാനി ക്രിസ്ത്യാനികൾക്ക് തങ്ങളുടെ പിതാവിനെ വിട്ടുകൊടുക്കാതെ ഈ സഭയെ നശിപ്പിക്കുവാനുള്ള വ്യഗ്രത പറങ്കികൾ കാട്ടി. ജീവനോടെയല്ല, തിരുശേഷിപ്പായിപ്പോലും ആ പിതാവിനെ മലങ്കരക്ക് ലഭിക്കരുതെന്നായിരുന്നു പറങ്കികളുടെ ഉദ്ദേശ്യം. അവർ ബാവയുടെ കഴുത്തിൽ കല്ല് കെട്ടി കടലിൽ എറിഞ്ഞു കൊലപ്പെടുത്തി. മലങ്കരയുടെ സംരക്ഷണത്തിനായി രക്തസാക്ഷിത്വം വരിച്ച അജപാലകനായി ആ പുണ്യ പിതാവ് മാറി. ബാവ കൊല്ലപ്പെട്ടു എന്ന് തിരിച്ചറിഞ്ഞ സുറിയാനി ക്രിസ്ത്യാനികൾ തൊട്ടടുത്തുള്ള മട്ടാഞ്ചേരിയിൽ സമ്മേളിക്കുകയും അവിടെ ഉണ്ടായിരുന്ന കൽക്കുരിശിൽ ആലാത്ത് കെട്ടി 'പറങ്കികളോടും, റോമൻ പാപ്പായൊടുമുള്ള എല്ലാ ബന്ധവും വിഛേദിക്കുന്നതായി' പ്രതിജ്ഞ ചെയ്യുകയും, ഇത് പിന്നീട് "കൂനൻ കുരിശ് സത്യം" എന്ന് പ്രസിദ്ധമാവുകയും ചെയ്തു.[7]

സാധ്യതകൾ

മലങ്കരയിലെ സത്യ സുറിയാനി സഭയിലെ മക്കളുടെ വിശ്വാസം സംരക്ഷിക്കുവാൻ കേരളത്തിൽ എത്തിയ മോർ അഹത്തള്ള ബാവായെ പറങ്കികൾ ജീവനോടെ അറബിക്കടലിൽ കെട്ടിതാഴ്ത്തിയതായി മലങ്കര മക്കൾ വിശ്വസിക്കുന്നു. അതേ സമയം, കൊച്ചിയിൽ നിന്നും 24 മൈയിലുകൾ മാത്രം ദൂരമുള്ള അർത്തുങ്കൽ കടപ്പുറത്ത് ഈ സംഭവത്തിന് മൂന്നാം നാൾ ഒരു അപരിചിതനായ ആചാര്യൻെറ മൃതദേഹം അടിയുന്നു. സംസ്കരിച്ചവർ സംബോധന ചെയ്യും വിധം അത് ഒരു വിദേശ ആചാര്യൻേറതാണെന്ന് നിസ്സംശയം ഉറപ്പിക്കാം. ഏതെങ്കിലും ഒരു കത്തോലിക്ക പുരോഹിതൻെറ തിരോധാനമോ, മരണമോ ആ ദിവസം രേഘപ്പെടുത്തപ്പെട്ടിട്ടില്ല. അതുകൊണ്ട് തന്നെ അന്ന് സംസ്കരിച്ച ആ മൃതദേഹം മോർ അഹത്തള്ള ബാവായുടേത് തന്നെയാകാനാണ് സാധ്യത. സുറിയാനി സഭാ മക്കളുടെ ഈ അഭിപ്രായത്തെ ഖണ്ഡിക്കും വിധം മറ്റൊരു വാദവും ഇതുവരെ ആരും ഉന്നയിച്ചിട്ടില്ല. ആയതിനാൽ 1653ൽ അർത്തുങ്കൽ പള്ളിയിൽ സംസ്കരിക്കപ്പെട്ട മൃതദേഹം മോർ അഹത്തള്ള ബാവായുടേത് തന്നെയെന്ന് ഉറപ്പിക്കാം.

സാഹചര്യങ്ങൾ

1) അർത്തുങ്കൽ പള്ളി സ്ഥാപിക്കപ്പെട്ടിരിക്കുന്നത് മോർ അന്ത്രയോസ് ശ്ലീഹായുടെ നാമത്തിൽ ആണെങ്കിലും അവിടെ വലിയ പെരുന്നാളായി ആഘോഷം നടക്കുന്നത് ജനുവരിയിലാണ്, അല്ലാതെ ശ്ലീഹായുടെ സ്മരണ മാസത്തിൽ അല്ല.

2) വെള്ളുത്തച്ചൻെറ ഓർമ്മ എന്ന ആ പെരുന്നാൾ ദിനം തന്നെയാണ് മോർ അഹത്തള്ള ബാവ കൊല്ലപ്പെട്ട ദിനമായി സുറിയാനി ക്രിസ്ത്യാനികൾ ആചരിക്കുന്നത്.

---

[5] പൗലോസ് മാർ ഗ്രീഗോറിയോസ് (എഡിററർ), *മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശം* (കോട്ടയം: ഓർത്തഡോക്സ് സെമിനാരി, 1993), 785.

[6] ഇ. എം. ഫിലിപ്പ്, *മോർ തോമാശ്ലീഹായുടെ ഇൻഡ്യൻ സഭ* (ഉദയഗിരി: സെമിനാരി പബ്ലിക്കേഷൻസ്, 1992), 124.

[7] C. B. Firth, *An Introduction to Indian Church History* (Delhi: ISPCK, 2008P), 100-101.

3) വെളുത്തച്ചൻ ആരാണെന്ന ചോദ്യത്തിന് വ്യക്തമായ ഒരുത്തരം കത്തോലിക്ക സഭ ഇന്നും നൽകുന്നില്ല. ചിലപ്പോൽ അത് ഫാ. ഫെനീഷ്യോ എന്നും, ചിലപ്പോൾ വി. സെബാസ്ത്യാനോസ് എന്നും മറ്റു ചിലപ്പോൾ വി. അന്ത്രയോസ് അന്നും മറുപടി നൽകപ്പെടുന്നു. അതെ സമയം സുറിയനി സഭ മോർ അഹത്തള്ള ബാവയാണെന്ന് വെളുത്തച്ചൻ എന്ന് ഉറപ്പിച്ച് പറയുന്നു.

4) രേഘകൾ കൃത്യമായി സൂക്ഷിക്കുന്ന കത്തോലിക്ക സഭയോ, പറങ്കികളോ ആ കാലഘട്ടത്തിൽ ഈ പ്രദേശത്ത് (1653 ജനുവരിയിൽ) ഒരു പുരോഹിതനോ, മേൽപട്ടക്കാരനോ മരണപ്പെട്ടതായി രേഘപ്പെടുത്തിയിട്ടില്ല.

5) തുമ്പമൺ പള്ളിയിൽ പുരാതന കാലം മുതൽക്കെ ജനുവരിയിൽ മോർ അഹത്തള്ള ബാവയുടെ ഓർമ്മ ആഘോഷിക്കുന്നു.

6) ഒന്നാം മാർത്തോമ്മ (1665-1670) തൻെറ ജീവിത കാലത്ത് പരി. അന്ത്യോഖ്യ സിംഹാസനത്തിലേക്കയച്ച അപേക്ഷയിൽ മോർ അഹത്തള്ള ബാവ പറങ്കികളാൽ കൊല്ലപ്പെട്ടുവെന്ന് അറിയിക്കുന്നുണ്ട്.

7) മെത്രാന്മാരുടേത് ഒഴികെ മറ്റാരുടേയും മൃതദേഹം പള്ളിക്കുള്ളിൽ നടയിൽ സംസ്കരിക്കുക സാധാരണയായി പതിവില്ല. ഇവിടെ വെളുത്തച്ചൻെറ ഭൗതികദേഹം സംസ്കരിച്ചിട്ടുള്ളത് പള്ളിക്കുള്ളിൽ നടയിലാണ്.

<u>നിഗമനം</u>

മേൽ ഉദ്ധരിച്ച പ്രാദേശിക ചരിത്രത്തിൻെറയും, സംഭവങ്ങളുടെയും, സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ 1653 ജനുവരിയിൽ അർത്തുങ്കൽ പള്ളിയിൽ കബറടക്കപ്പെട്ട 'വെളുത്തച്ചൻ' മോർ അഹത്തള്ള ബാവയാണെന്ന നിഗമനത്തിൽ നിസ്സംശയം എത്തിച്ചേരാം.

<u>ഉപസംഹാരം</u>

ചരിത്ര പഠനം പുതുവഴികൾ സ്വീകരിക്കുകയും, നവ ദർശനങ്ങൾ ഉൾകൊള്ളുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വിസ്മൃതവും, നിഗൂഢവുമായ ചരിത്രങ്ങൾ വെളിച്ചത്ത് കൊണ്ടുവരുവാൻ യുവ ചരിത്രകാരന്മാർ മുന്നൊട്ട് വരേണ്ട കാലം സംജാതമായിരിക്കുന്നു. അധികാരമുള്ളവൻെറയും, സ്വാധീനമുള്ളവൻെറയും, സമ്പന്നൻെറയും മാത്രമല്ല ചരിത്രം മറിച്ച് അടിച്ചമർത്തപ്പെട്ടവൻെറയും, ദരിദ്രൻെറയും, പാർശ്വവൽക്കരിക്കപ്പെട്ടവൻെറയും കൂടിയാണ്. അവൻെറ ജീവനുറ്റ ചരിത്രം പലപ്പോഴും മുഖ്യധാരാ വിശ്വാസങ്ങളെ തകർക്കുന്നു. സത്യം വെളിപ്പെടുകയും അത് പൂർണ്ണമാക്കപ്പെടുകയും വേണം. വി. അന്ത്യോഖ്യ സിംഹാസനത്തിൻെറ ചരിത്രം കൂടുതൽ ശൊഭയാർന്ന് വരും തലമുറകളിലേക്ക് പകർത്തപ്പെടണം. സുറിയാനി സഭയുടെ മക്കൾ എത്ര ശ്രേഷ്ഠരും, ദൈവ പരിപാലന ലഭിക്കുന്നവരും, സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിൽ (Orthodoxy) ഉറച്ച് നിൽക്കുന്നവരും, വി.അന്ത്യോഖ്യ സിംഹാസനത്താൽ പരിലാളിക്കപ്പെടുന്നവരുമാണെന്ന ബോധ്യം പൂർണ്ണമാക്കപ്പെട്ട്, ജനതതികളുടെ മധ്യേ പ്രകാശിക്കേണ്ട കാലം ആസന്നമായിരിക്കുന്നു.